ഭരണഭാഷ- മാതൃഭാഷ

File No. C2/273/2016-PWD

കേരള സർക്കാർ

<u>സംഗ്രഹം</u>

പൊതുമരാമത്ത് വകുപ്പ്- സർക്കാർ വാഹനങ്ങളെ കണ്ടം ചെയ്യുന്നതിനുള്ള മാനദണ്ഡം പരിഷ്കരിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുമരാമത്ത്(സി) വകുപ്പ്

**സ.ഉ(കൈ)നം.45/2019/പൊ.മ.വ** തീയതി, തിരുവനന്തപുരം, 16/10/2019

പരാമർശം:- 1. സ.ഉ(കൈ)നം. 110/76/PW തീയതി 10.05.1976
2. 28.04.2014 തീയതിയിലെ സർക്കുലർ നം. 468/സി2/2014/പൊ.മ.വ
3. ജലസേചന വകുപ്പ് മെക്കാനിക്കൽ വിഭാഗം ചീഫ് എഞ്ചിനീയറുടെ 16.08.2019 തീയതിയിലെ സി.എം.യു/കെ/1448/2012 നമ്പർ കത്ത്

<u>ഉത്തരവ്</u>

സർക്കാർ വാഹനങ്ങളെ Condemn ചെയ്യുന്നതിന് പരാമർശം (1) പ്രകാരമുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കും പ്രകാരം പരിഷ്കരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു:-

I. സർക്കാർ വാഹന കാലാവധി - ഓടിയ ദൂരം, ഉപയോഗിച്ച കാലയളവ് എന്നിവയിൽ ഏതാണ് ആദ്യം എത്തുന്നത് എന്നതനുസരിച്ച് താഴെ പറയും പ്രകാരമായിരിക്കും സർക്കാർ വാഹനങ്ങളുടെ സാധാരണ ഉപയോഗ കാലാവധി.

| | |
|---|---|
| i. 12,500 കിലോഗ്രാമിനു മുകളിൽ ആകെ ഭാരം (GVW) വരുന്ന ഹെവി ഡ്യൂട്ടി വാണിജ്യ വാഹനങ്ങൾ | 4 ലക്ഷം കിലോ മീറ്റർ അല്ലെങ്കിൽ 15 വർഷം (ഏതാണ് ആദ്യം വരുന്നത്) |
| ii. 7,501 കിലോഗ്രാം മുതൽ 12,500 കിലോ ഗ്രാം വരെ ആകെ ഭാരം (GVW) വരുന്ന മീഡിയം ഡ്യൂട്ടി വാണിജ്യ വാഹനങ്ങൾ | 3.5 ലക്ഷം കിലോമീറ്റർ അല്ലെങ്കിൽ 10 വർഷം (ഏതാണ് ആദ്യം വരുന്നത്) |
| iii. 7,500 കിലോഗ്രാം വരെ ആകെ ഭാരം (GVW) വരുന്ന ലൈറ്റ് മോട്ടോർ വാഹനങ്ങൾ | 3 ലക്ഷം കിലോമീറ്റർ അല്ലെങ്കിൽ 10 വർഷം (ഏതാണ് ആദ്യം വരുന്നത്) |
| iv. ഇരുചക്ര വാഹനവും/മുചക്ര വാഹനവും (100 CC ക്കു മുകളിൽ) | 1.5 ലക്ഷം കിലോ മീറ്റർ അല്ലെങ്കിൽ 10 വർഷം (ഏതാണ് ആദ്യം വരുന്നത്) |
| v. ഇരുചക്ര വാഹനങ്ങൾ (100 CC വരെ) | 1 ലക്ഷം കിലോ മീറ്റർ അല്ലെങ്കിൽ 7 വർഷം (ഏതാണ് ആദ്യം വരുന്നത്) |

2. ഖണ്ഡിക (1) ൽ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ മാർഗ്ഗ നിർദ്ദേശങ്ങളാണ്. ഖണ്ഡിക (1)ൽ നിർദ്ദേശിച്ചിരിക്കുന്ന പ്രകാരം വാഹനം സഞ്ചരിച്ച ദൂരത്തിന്റെയോ കാലയളവ് പൂർത്തീകരിച്ചതിന്റെയോ അടിസ്ഥാനത്തിൽ മാത്രം നിരാകരണം ചെയ്യുവാൻ പാടില്ല.

3. താഴെ പറയുന്ന നിബന്ധനകളും കൂടി തൃപ്തികരമാണെങ്കിൽ മാത്രമെ വാഹനം നിരാകരണം ചെയ്യുവാൻ പാടുള്ളൂ.

   i. തുടർച്ചയായ 3 വർഷത്തെ അറ്റകുറ്റപ്പണികളുടെ ചെലവ് വാഹനത്തിന്റെ വാർഷിക വിലയിടിവായ 10 ശതമാനത്തെക്കാൾ കൂടുതൽ ആണെങ്കിൽ

   ii. വാഹനത്തിന്റെ വിപണി വില അറ്റകുറ്റപ്പണിക്ക് ശേഷവും ആ തുകയെക്കാൾ കുറവാണെങ്കിൽ

4. വാഹനം നിരാകരണത്തിനു മുമ്പ് സാങ്കേതിക വിഭാഗത്തിൽ നിന്ന് സാക്ഷ്യപത്രം വാങ്ങിയിരിക്കണം. തിരുവനന്തപുരം/കോഴിക്കോട് പി.ഡബ്ല്യൂ.ഡി മെക്കാനിക്കൽ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കാണ് ഈ സാക്ഷ്യപത്രം നൽകുന്നതിനുള്ള സാങ്കേതിക ചുമതല.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**രാജേഷ് കുമാർ സിംഗ്**
**പ്രിൻസിപ്പൽ സെക്രട്ടറി**

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/ സെക്രട്ടറിമാർക്കും.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
മുഖ്യമന്ത്രിയുടെയും മറ്റു വകുപ്പ് മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.
പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറിയ്ക്ക്.
എല്ലാ ജില്ലാ കളക്ടർമാർക്കും വകുപ്പു മേധാവികൾക്കും.
ധനകാര്യ വകുപ്പ് (Vide No. I&PW-A2/228/2018-FIN(928008) Dated 22.06.2019)
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,
[signature]
സെക്ഷൻ ഓഫീസർ.